Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

29.09.2025

# പത്രസമ്മേളനം

**ജൂബിലിയിൽ സ്ഥാപക ഡയറക്ടറെ അനുസ്മരിച്ചുകൊണ്ടുള്ള ഹെൽത്ത് കെയർ മിഷനറി അവാർഡ് സമർപ്പണവും, ഡോ. ഏഡൻവാല സ്മാരക പ്രഭാഷണവും.**

ജൂബിലി മിഷൻ ഹോസ്പിറ്റൽ സ്ഥാപനങ്ങളുടെ സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയുടെയും, അറുപത് വർഷത്തിലേറെ നിസ്വാർത്ഥമായി പ്രവർത്തിച്ച മുറിച്ചുണ്ട് ശസ്ത്രക്രിയ വിദഗ്ധൻ ഡോ. ഏഡൻവാലയുടെയും സ്മരണാർത്ഥം ഒക്ടോബർ 4-ാം തിയ്യതി 'പെലിക്കാനസ് - 2025' എന്ന പേരിൽ വിവിധ അനുസ്മരണ ചടങ്ങുകൾ സംഘടിപ്പിക്കുന്നു.

പതിറ്റാണ്ടുകളിലൂടെ വളർന്ന് ഏഴ് സ്ഥാപനങ്ങൾ അടങ്ങുന്ന ആതുരശുശ്രൂഷ സേവന കേന്ദ്രമായി മാറിയിരിക്കുന്ന സ്ഥാപനത്തിൽ മിഷൻ ആശുപത്രി, മെഡിക്കൽ കോളേജ്, ഗവേഷണകേന്ദ്രം, നഴ്സിങ്ങ് സ്കൂൾ, നഴ്സിങ്ങ് കോളേജ്, അലൈഡ് ഹെൽത്ത് സയൻസ് കോളേജ്, ആയുർവ്വേദ ആശുപത്രി എന്നിവ ഉൾപ്പെടുന്നു. സ്ഥാപക ഡയറക്ടറുടെ സ്മരണാർത്ഥം ആരോഗ്യമേഖലയിലെ മിഷനറി കാഴ്ച്ചപാട് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 2022 ൽ തുടങ്ങിയ ദേശീയതലത്തിലുള്ള നാലാമത് ഹെൽത്ത് കെയർ മിഷനറി അവാർഡിന് ഒഡീഷ്യയിലെ ഖരിയർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗ് അർഹനായി. ഛത്തീസ്ഗഡ് സ്വദേശിയായ ഇദ്ദേഹം അരനൂറ്റാണ്ടിലധികമായി ഒഡീഷ്യയിലെ നുവപാഡ ജില്ലയിലെ ഇവാൻജലിക്കൽ മിഷൻ ആശുപത്രി കേന്ദ്രമായി പ്രവർത്തിക്കുകയാണ്. 50,001-രൂപയും പ്രശസ്തിപത്രവും ജൂബിലി മിഷൻ ആശുപത്രി ട്രസ്റ്റ് ചെയർമാൻ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഒക്ടോബർ 4 ശനിയാഴ്ച്ച രണ്ടുമണിക്ക് ജൂബിലിയിലെ മദർ തെരേസ ഹാളിൽ നടക്കുന്ന പെലിക്കാനസ് ചടങ്ങിൽ വെച്ച് സമ്മാനിക്കും.

എഴുപത്തിനാല് വർഷം പഴക്കമുള്ള ജൂബിലി മിഷൻ ആശുപത്രിയിൽ അറുപത് വർഷം സേവനമനുഷ്ഠിച്ച ഡോ. ഏഡൻവാലയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പ്രഭാഷണപരമ്പരയിൽ ഈ വർഷം പ്രമുഖ പാർലിമെന്റേറിയനും വാഗ്മിയും നയതന്ത്രജ്ഞനുമായ ഡോ. ശശി തരൂർ പ്രഭാഷണം നടത്തും. ആശുപത്രി സേവനരംഗത്ത് കോർപറേറ്റ് സാന്നിധ്യം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ മിഷൻ ആശുപത്രികളുടെ പ്രസക്തിയെക്കുറിച്ച് ഡോ. തരൂർ പെലിക്കാനസ് വേദിയിൽ പ്രഭാഷണം നടത്തും. ഡോ. ശശി തരൂർ എന്ന വിശ്വപൗരന്റെ സാന്നിധ്യം ജൂബിലിയുടെ സേവനങ്ങളേയും പെലിക്കാനസ് വേദിയേയും സമ്പുഷ്ടമാക്കും.

ഒക്ടോബർ 4 ശനിയാഴ്ച്ച രണ്ടുമണിക്ക് ജൂബിലി മെഡിക്കൽ കോളേജിലെ മദർ തെരേസ ഹാളിൽ നടക്കുന്ന ചടങ്ങിൽ ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റ് ചെയർമാനും തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷനുമായ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിക്കും. സമൂഹത്തിലെ നാനാതുറകളിൽ നിന്നുള്ളവർക്കൊപ്പം ജൂബിലി കുടുംബാംഗങ്ങളും പങ്കെടുക്കും. ആതുരശുശ്രൂഷാരംഗത്ത് - സേവനം സ്നേഹപൂർവ്വം - എന്ന കാഴ്ച്ചപ്പാടിൽ കഴിഞ്ഞ 74 വർഷമായി സ്തുത്യർഹമായ സേവനം ചെയ്തുവരുന്ന തൃശ്ശൂരിലെ ജൂബിലി മിഷൻ ആശുത്രി സംഘടിപ്പിക്കുന്ന 'പെലിക്കാനസ് 2025' അർത്ഥപൂർണമായ പേരിനോടൊപ്പം ഭൂതകാലവും ഭാവിയും ഓർമ്മപ്പെടുത്തുന്നു.

ലോകപ്രശസ്ത വാഗ്മിയായ ഡോ. ശശി തരൂരിന്റെ പ്രഭാഷണവും ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗിന്റെ ഒഡീഷയിലെ പ്രവർത്തനശൈലിയും നേരിട്ട് മനസ്സിലാക്കാൻ ഏവരേയും സ്വാഗതം ചെയ്യുന്നു.

**<u>പത്രസമ്മേളനത്തിൽ പങ്കെടുക്കുന്നവർ</u>**

| | | |
|---|---|---|
| ഡയറക്ടർ | - | ഫാ. റെന്നി മുണ്ടൻകുരിയൻ |
| സി.ഇ.ഒ | - | ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ |
| ഓർഗനൈസിങ്ങ് സെക്രട്ടറി<br>പെലിക്കാനസ് 2025 | - | ഡോ. പി. ആർ വർഗ്ഗീസ് |
| സബ് കമ്മിറ്റി കൺവീനർ<br>പെലിക്കാനസ് 2025 | - | മിസ്റ്റർ ഡിയോൾ ബെന്റി |

*******

# ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗ്

തൃശ്ശൂരിലെ ജൂബിലി മിഷൻ ആശുപത്രി അതിന്റെ സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ നാഷണൽ ഹെൽത്ത് കെയർ മിഷനറി അവാർഡിന് ഒഡീഷ്യയിലെ ഖരിയർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗ് അർഹനായി. ചത്തീസ്ഗഡ് സ്വദേശിയായ ഇദ്ദേഹം അരനൂറ്റാണ്ടിലധികമായി ഒഡീഷ്യയിലെ നുവപാഡ ജില്ലയിലെ ഖരിയർ കേന്ദ്രമാക്കി പ്രവർത്തിക്കുകയാണ്.

തെക്ക് പടിഞ്ഞാറൻ ഒഡീഷ്യയിലേയും, അടുത്ത് കിടക്കുന്ന ചത്തീസ്ഗഡ് സംസ്ഥാനത്തിലേയും അവഗണിക്കപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്ക് വൈദ്യസഹായവും സാമൂഹ്യസേവനവും നൽകി ഇദ്ദേഹം 81-ാം വയസ്സിലും പ്രവർത്തനനിരതനാണ്. ഇവാഞ്ചലിക്കൽ മിഷൻ ഹോസ്പിറ്റലിൽ 1971-ൽ പ്രവർത്തനം ആരംഭിച്ച അദ്ദേഹം തദ്ദേശീയർക്ക് സുപരിചിതനും ആശാകേന്ദ്ര വുമാണ്. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും ജനറൽ സർജറിയിൽ എം. എസ്. ബിരുദാനന്തര ബിരുദവും, വിവിധ വിദേശ സർവ്വകലാ ശാലകളിൽ നിന്നും സർജറിയിൽ ഫെല്ലോഷിപ്പും ഇദ്ദേഹം നേടിയിട്ടുണ്ട്. ജനറൽ സർജറിയിൽ മാത്രമല്ല ഫിസിഷ്യൻ, യൂറോളജി, തൊറാസിക്ക് സർജറി, ഓർത്തോ സർജറി, പീഡിയാട്രിക്സ് തുടങ്ങിയ വിവിധ വൈദ്യശാസ്ത്രശാഖകളിൽ പ്രവർത്തിക്കേണ്ട സാഹചര്യമാണ് അന്ന് അവിടെ ഉണ്ടായിരുന്നത്. ഇത്രയും വൈവിധ്യമാർന്ന ആതുരശുശ്രൂഷാമേഖലയിൽ മനുഷ്യസേവനം ദൈവസേവനം എന്ന ബോധ്യത്തോടെ പ്രവർത്തിക്കുന്ന ഡോ. അജിത് സിംഗ് ജൂബിലിയുടെ സ്ഥാപകഡയറക്ടറുടെ ആശയങ്ങളോടും പ്രവർത്തനശൈലിയോടും ഏറ്റവും ചേർന്നുപോകുന്ന വ്യക്തിയാണ്.

മിഷനറിയായിരുന്ന പിതാവ് റൈ.റവ ഗുരുബചൻ സിംഗിൽനിന്നും ലഭിച്ച കൃത്യമായ സുവിശേഷ ഉൾക്കാഴ്ച്ചയോടെ അദ്ദേഹം ഖരിയറിലെ ജനങ്ങളുടെ ആരോഗ്യവിഷയങ്ങളിൽ സജീവമായി പ്രവർത്തിച്ചു. സ്വാതന്ത്ര്യാനന്തര ഭാരത ത്തിൽ വിദേശമിഷനറിമാർ ഉപേക്ഷിച്ചുപോയതിൽപെട്ട ഒന്നായിരുന്നു ഡോ. അജിത് വളർത്തിയെടുത്ത ഇവാഞ്ചലിക്കൽ മിഷൻ ആശുപത്രി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടന്നുവന്ന പ്രതിരോധ കുത്തിവെയ്പുകൾ, ക്ഷയരോഗ നിർമാർജ്ജനയജ്ഞം തുടങ്ങിയവയുമായി ഡോ. അജിത് സഹകരിച്ചു പ്രവർത്തിച്ചു.

ഭക്ഷണശീലം ആരോഗ്യശുചിത്വം, ശുദ്ധമായ കുടിവെള്ളം, പരിസരശുചി ത്വം, വൃത്തിയും വെടിപ്പുമുള്ള മലമൂത്രവിസർജ്ജന സ്ഥലങ്ങൾ തുടങ്ങി ഒരു ജന തയെ മുഴുവൻ സ്വാധീനിക്കാൻ തക്ക പ്രവർത്തനങ്ങളിൽ അദ്ദേഹം ഫലപ്രദമായി ഇടപെട്ടു. എച്ച്.ഐ.വി., പനി, പകർച്ചവ്യാധികൾ, വയറിളക്കം, മാതൃശിശുമരണ നിരക്ക്, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, അന്ധവിശ്വാസങ്ങളിൽ മുങ്ങിതാ ണിരുന്ന ഒരു ജനതയെ ഉയർത്തിക്കൊണ്ടുവരുക, തുടങ്ങി ഒരു പുരുഷായുസ്സിൽ ഇടപെടാവുന്നത്ര കാര്യങ്ങളിൽ തദ്ദേശീയർക്കുവേണ്ടി അദ്ദേഹം ഡോക്ടറായ ഭാര്യ രേണുകയോടൊപ്പം നിഷ്കാമമായി പ്രവർത്തിച്ചു. കോവിഡ് വ്യാപനകാലത്തും ഇദ്ദേഹം രോഗനിർണ്ണയ-പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.

ആശുപത്രിയോടനുബന്ധിച്ച് നഴ്സിങ്ങ് സ്കൂൾ, പാരാമെഡിക്കൽ പരിശീല നകേന്ദ്രം തുടങ്ങിയവയും ആരംഭിച്ചു. അനാഥരായ പെൺകുട്ടികൾക്ക് താമസം, വിദ്യഭ്യാസം, തൊഴിൽ പരിശീലനം, ജോലി എന്നിവ ലഭ്യമാക്കി അവരെ മുഖ്യധാര യിലേക്ക് എത്തിച്ചു. വെല്ലൂർ മെഡിക്കൽ കോളേജിൽ നിന്നുള്ള പോൾ ഹാരിസൺ അവാർഡിന് അർഹനായ ഇദ്ദേഹം അമേരിക്ക, ബ്രിട്ടൻ അയർലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള അംഗീകാരങ്ങളും ബഹുമതികളും നേടിയിട്ടുണ്ട്.

*******

(P.T.O.)

## DR. AJIT RONALD GURUBACHAN SINGH

Dr. Ajit Ronald Gurubachan Singh , aged 81 years, MBBS (CMC Vellore), MS (General Surgery, CMC Ludhiana).
Former Director / Presently Consultant, Evangelical Mission Hospital, Khariar, Odisha.
Native of Raipur (Chhattisgarh). Served more than 50 years in healthcare.
Former President of the Christian Medical Association of India.

The recipient of this honour in 2025, Dr. Ajit Ronald Gurubachan Singh is an exemplary health care professional with missionary outlook, working for the common people in the Nuapada district of Odisha for more than five decades. While working at the Evangelical Mission Hospital Khariar as a surgeon, director and now as a consultant, Dr Ajit served over all surgical and medical specialties since the prevailing conditions enforced. Dr. Ajit extended his community services across Odisha and Chhattisgarh, collaborating with various governmental and non-governmental organizations.

After independence, the American Evangelical Mission gradually withdrew from the region, leaving behind the boarding schools and hospital at Khariar that they had established. In this vulnerable situation, the arrival of Dr. Ajit Singh and his supportive spouse in 1971 became a turning point for the struggling institutions of Khariar.

Dr. Ajit has been actively involved in community vaccination programs, tuberculosis eradication efforts, and health services during the COVID-19 pandemic. Through his leadership in health education, he has championed the fight against alcoholism and opium use, created awareness about hygiene, safe drinking water, sanitation, cleanliness, and the use of disinfectants and mosquito nets. His initiatives have significantly improved the health and living standards of the people of that area.

Dr. Ajit Singh has lived by the dictum “Service to mankind is service to God.” His life and work epitomize love and concern for the poor, and reflect his deep passion for the stability and progress of Odisha and Chhattisgarh.

His unwavering commitment to building a culture of health service resonates strongly with the motto of Jubilee Mission—“ _Transforming lives with love_ ” In recognition of his devotion to sustained and selfless voluntary service, Jubilee proudly presents this award.

*******